**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144** **30-07-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം സുഗമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ശബരിമല തീർത്ഥാടനം സുഗമമാക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, വിശ്രമത്തിനും കുടിവെള്ളലഭ്യത, പ്രാഥമിക കർത്തവ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യം തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും ആരോഗ്യം, പൊതുമരാമത്ത്, ടൂറിസം, ഗതാഗതം, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെയും മന്ത്രിതലത്തിൽ വിവിധ യോഗങ്ങൾ ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ ഓരോ വകുപ്പും സ്വീകരിച്ചു വരുന്നു. |
| (ബി) | തീർത്ഥാടകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതോടൊപ്പം ശബരിമല ഇടത്താവളങ്ങളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ശബരിമല ഇടത്താവളങ്ങളിലെല്ലാം മുൻവർഷങ്ങളിലെ പോലെ വിശ്രമ സൗകര്യം, കുടിവെള്ളം, ടോയലെറ്റ് സൗകര്യങ്ങളുൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേകിച്ചും നിലയ്ക്കൽ,എരുമേലി, ചെങ്ങന്നൂർ, ഏറ്റുമാനൂർ തുടങ്ങിയ ഇടത്താവളങ്ങളിലെല്ലാം മുൻ വർഷങ്ങളിലെപോലെ തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ സൗകര്യം, കുടിവെള്ളം, ടോയലെറ്റ് സൗകര്യങ്ങളുൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കഴക്കൂട്ടം, ചെങ്ങന്നൂർ, ചിറങ്ങര, ശുകപുരം , മണിയൻകോട്, നിലയ്ക്കൽ, പമ്പ തുടങ്ങിയ സ്ഥലങ്ങളിൽ ഏറ്റവും പുതിയ സൗകര്യങ്ങളോടെ |

| | | | |
|---|---|---|---|
| | | | ഇടത്താവളങ്ങളൊരുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ